പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2578 28-10-2026-ൽ മറുപടിയ്ക്ക്

കുറ്റ്യാടി നിയോജക മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ നടന്നു വരുന്ന പദ്ധതികളും വാളാഞ്ഞി ഉന്നതിയും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പാറക്കൽ അബ്ദുല്ല ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ നടന്നു വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാനത്തെ അസംബ്ലി നിയോജക മണ്ഡലങ്ങളിൽ കുറഞ്ഞത് 25 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉള്ള പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള അംബേദ്കർ ഗ്രാമവികസനം പദ്ധതിയിൽ ഉൾപ്പെടുത്തി കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നിലവിൽ താഴെ പറയുന്ന മൂന്ന് പ്രവർത്തികൾ നടപ്പിലാക്കുന്നുണ്ട്.

1. കുളിക്കുന്ന് നഗർ പദ്ധതി - (2022-23) പ്രവർത്തി പൂർത്തീകരിച്ചു.
2. ചോയിമഠം നഗർ പദ്ധതി (2023-24) പ്രവൃത്തി പൂർത്തീകരിച്ചു.
3. വാളാത്തി കളങ്ങരത്ത് നഗർ പദ്ധതി 2021-22 (പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.).

(ബി) വാളാഞ്ഞി ഉന്നതിയുടെ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

മറുപടി: വാളാഞ്ഞി ഉന്നതിയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. റിപ്പയർ പ്രവൃത്തികൾ നടത്താനുള്ള 22 വീടുകളിൽ 2 എണ്ണത്തിന്റെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(സി) എന്തൊക്കെ പ്രവൃത്തികളാണ് ഇതിനകം പൂർത്തിയായിട്ടുള്ളത്; ഇനി ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയാകാനുണ്ട്; വ്യക്തമാക്കുമോ;

മറുപടി: കുളിക്കുന്ന് നഗർ, ചോയിമഠം നഗർ എന്നിവിടങ്ങളിൽ ഭരണാനുമതി പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചു.

വാളാഞ്ഞി കുളങ്ങരത്ത് നഗറിൽ പൂർത്തിയാകാനുള്ള പ്രവൃത്തികൾ

1. വീട് റിപ്പയറിംഗ് (22 വീടുകൾ)
2. സാംസ്കാരികനിലയം.
3. ഫുട്പാത്ത് (3 എണ്ണം)
4. സംരക്ഷണഭിത്തി

5. വീടുകളിലേക്ക് പൈപ്പ് കണക്ഷൻ

6. സോളാർ സ്ട്രീറ്റ് ലൈറ്റ് റോഡ്.

(ഡി) പദ്ധതി പ്രവർത്തനത്തിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

മറുപടി: വീട് റിപ്പയറിംഗ് പ്രവൃത്തികളിൽ ഉൾപ്പെടെ ഗുണഭോക്താക്കൾ ഉന്നയിക്കുന്ന അഭിപ്രായ വ്യത്യാസങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സമയബന്ധിതമായി പരിഹരിച്ചു പരമാവധി വേഗത്തിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.

സാംസ്കാരിക നിലയത്തിന് കണ്ടെത്തിയ ഭൂമി വിട്ടു കിട്ടുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ